LIBRARY ARCHIVES Kerala Legislative Assembly

മഞ്ചേരിയിലെ ബൈപ്പാസ് റോഡിന്റെ നിർമ്മാണ പ്രവർത്തനം

56 [2945] ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഞ്ചേരിയിലെ നാലാംഘട്ട ബൈപ്പാസ് റോഡിന് ബഡ്ജറ്റിൽ തുക വകയിരുത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത റോഡിന്റെ പ്രവർത്തനം പൂർത്തിയാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എന്നത്തേക്ക് പൂർത്തിയാക്കും എന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സ്വീകരിച്ചു വരുന്നു.

(സി) പ്രസ്തുത പ്രവർത്തിക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകുന്ന മുറയ്ക്ക് ഏറ്റെടുത്ത് പൂർത്തിയാക്കുന്നതാണ്.

പെരുവഴിക്കടവ് പാലം നിർമ്മാണം

57 [2946] ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുന്ദമംഗലം നിയോജക മണ്ഡലത്തിലെ പെരുവഴിക്കടവ് പാലം നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത പാലത്തിന്റെ പ്രവർത്തി സ്തംഭിച്ചതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) ഇത് പരിഹരിക്കാൻ സ്വീകരിച്ച നടപടി വിശദമാക്കാമോ;

(ഡി) സ്ഥലം നഷ്ടപ്പെടുന്നവർക്ക് നഷ്ടപരിഹാരം നൽകാൻ സ്വീകരിച്ച നടപടി വിശദമാക്കുമോ;

(ഇ) പാലത്തിന്റെ പണി എന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പെരുവഴിക്കടവ് പാലത്തിന്റെ ഫൗണ്ടേഷൻ നിർമ്മാണം പുരോഗമിക്കുന്നു. 5 വെൽ നിർമ്മിക്കേണ്ടതിൽ 4 എണ്ണം പൂർത്തിയായിട്ടുണ്ട്. Deck slab തുടങ്ങിയ പണികൾ ശേഷിക്കുന്നു.

(ബി) പാലത്തിന്റെ നിർമ്മാണത്തിനാവശ്യമായ സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയാക്കുന്നതിന് കാലതാമസമുണ്ടായി.

(സി) സ്ഥലം ഇപ്പോൾ ലഭിച്ചിട്ടുണ്ട്.

(ഡി) നഷ്ടപരിഹാരം നൽകുന്നതിനാവശ്യമായ ഫണ്ട് നൽകിയിട്ടുണ്ട്.

(ഇ) ഒരു വർഷത്തിനകം പൂർത്തീകരിക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു.

തിരുവനന്തപുരം സിവിൽ സ്റ്റേഷൻ നിർമ്മാണത്തിനായുള്ള പ്രവർത്തനങ്ങൾ

58 [2947] ശ്രീ. കെ. മോഹൻകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിർദ്ദിഷ്ട തിരുവനന്തപുരം സിവിൽ സ്റ്റേഷൻ കെട്ടിടങ്ങളുടെ പ്ലാനിന് അന്തിമ അംഗീകാരമായിട്ടുണ്ടോ എന്നു വെളിപ്പെടുത്തുമോ;

(ബി) നിർമ്മാണ പ്രവർത്തനങ്ങൾ ഉടനടി ടെൻഡർ ചെയ്യാൻ നടപടി സ്വീകരിക്കുമോ;

(സി) സിവിൽ സ്റ്റേഷൻ നിർമ്മാണത്തിന്റെ ഒന്നാംഘട്ട പ്രവർത്തനം എപ്പോൾ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതാണ് അറിയിക്കാമോ?

ഉത്തരം

(എ) പ്ലാൻ അംഗീകാരത്തിനായി കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്.

(ബി) ടെണ്ടർ വിളിച്ചിട്ടുണ്ട്.

(സി) ഒന്നാംഘട്ട പ്രവർത്തനം 2007-ൽ പൂർത്തിയാക്കാനാണ് ഉദ്ദേശിച്ചിരിക്കുന്നത്.

മുക്കം സിവിൽ സ്റ്റേഷൻ നിർമ്മാണം

59 [2948] ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുന്ദമംഗലം നിയോജക മണ്ഡലത്തിലെ മുക്കത്ത് മരാമത്ത് വക സ്ഥലത്ത് മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly